നമ്പർ. 3005/AD AI 4/2018/AD A 1

**സർക്കുലർ**

വിഷയം:- 7-ാമത് സ്പെഷ്യൽ കോൺവൊക്കേഷൻ - 2018 ഡിസംബർ 13-ാം തീയതി വ്യാഴാഴ്ച പകൽ 11.30 മുതൽ 12.30 വരെ നടക്കുന്ന ഡി.ലിറ്റ്. ബിരുദദാന ചടങ്ങ്- ക്രമീകരണങ്ങൾ/ നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന :- ഡെപ്യൂട്ടി രജിസ്ട്രാർ 1 (അക്കാദമിക്)-ൻറെ 05.12.2018-ലെ കുറിപ്പ്

2018 ഡിസംബർ 13-ാം തീയതി വ്യാഴാഴ്ച പകൽ 11.30 മുതൽ 12.30 വരെ സർവ്വകലാശാല അസംബ്ലി ഹാളിൽ നടക്കുന്ന ഡി.ലിറ്റ്. ബിരുദദാന ചടങ്ങിൻറെ സുഗമമായ നടത്തിപ്പിനായി താഴെപ്പറയുന്ന ക്രമീകരണങ്ങൾ എർപ്പെടുത്തിയിരിക്കുന്നു.

1. ചടങ്ങിൽ പങ്കെടുക്കുന്നതിനായി എല്ലാ ജീവനക്കാർക്കും അനുവാദം നൽകി വൈസ് ചാൻസിലർ ഉത്തരവായിരിക്കുന്നു.
2. സമ്മേളനത്തിൽ പങ്കെടുക്കുന്നവർ സമ്മേളനം നടക്കുന്ന അസംബ്ലി ഹാളിലെ ഇരിപ്പിടങ്ങളിൽ രാവിലെ 11.00-ന് മുമ്പായി ഹാജരാകേണ്ടതാണ്.
3. അന്നേ ദിവസം സർവ്വകലാശാല ക്യാമ്പസിൽ വിശിഷ്ടാതിഥികളുടെയും, സർവ്വകലാശാലയുടെയും, സിൻഡിക്കേറ്റ് അംഗങ്ങളുടെയും പൊലീസിൻറെയും വാഹനങ്ങൾ മാത്രമേ പ്രവേശിക്കുവാൻ അനുവദിക്കുകയുള്ളൂ.
4. സമ്മേളനം അവസാനിച്ച് വിശിഷ്ടാതിഥികൾ വേദി വിട്ട് പോയതിനുശേഷം മാത്രമേ സദസ്സിലുള്ളവർ പുറത്തുപോകാവൂ.
5. ബഹുമാന്യരായ ഗവർണറും മറ്റു വിശിഷ്ടാതിഥികളും വേദിയിൽ പ്രവേശിക്കുമ്പോഴും തിരികെ മടങ്ങുമ്പോഴും, ദേശീയഗാനം ആലപിക്കുമ്പോഴും എല്ലാവരും എഴുന്നേറ്റ് നിൽക്കേണ്ടതാണ്.
6. സമ്മേളന ഹാളിൽ മൊബൈൽഫോണുകൾ സ്വിച്ച് ഓഫ് ചെയ്യുകയോ സൈലൻറ് മോഡിൽ ക്രമീകരിക്കുയോ ചെയ്യേണ്ടതാണ്.
7. സർവ്വകലാശാല ജീവനക്കാരുടെ വാഹനങ്ങൾ അന്നേ ദിവസം സർവ്വകലാശാല സ്റ്റേഡിയത്തിൽ പാർക്ക് ചെയ്യേണ്ടതാണ്.
8. ചടങ്ങിൽ പങ്കെടുക്കുന്ന എല്ലാ അദ്ധ്യാപകരും, ജീവനക്കാരും, വിദ്യാർത്ഥികളും തിരിച്ചറിയൽ കാർഡ് നിർബന്ധമായും ധരിക്കേണ്ടതാണ്.
9. എല്ലാ ജീവനക്കാരും അന്നേ ദിവസം പതിവുപോലെ ഹാജർ രേഖപ്പെടുത്തേണ്ടതാണ്.

M R Unni
രജിസ്ട്രാർ

സ്വീകർത്താവ്

1.സെക്ഷനുകൾ/ഡിപ്പാർട്ട്മെൻറുകൾ/സ്കൂളുകൾ/സെൻററുകൾ
2. വൈസ് ചാൻസിലറുടെ പി.എസ്.
3. രജിസ്ട്രാറുടെ/പരീക്ഷാ കൺട്രോളറുടെ/ഫിനാൻസ് ഓഫീസറുടെ പി.എ.മാർ.
4. എസി.സി. സെക്ഷൻ/സെക്യൂരിറ്റി ഓഫീസർ/എസ്റ്റേറ്റ് ഓഫീസർ
5. പബ്ലിക് റിലേഷൻസ് ഓഫീസർ/കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ/ഐ.ക്യൂ.എ.സി.
6.നോട്ടീസ് ബോർഡ്/സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #1 of File 3005/AD AI 4/2018/AD A 1 Approved by REGISTRAR on 11-Dec-2018 10:40 AM - Page 1
മലയാളം സർവ്വകലാശാല, കേരളം